പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.7320 — 16.07.2012 - ൽ മറുപടിക്ക്

## നേമം നിയോജകമണ്ഡലത്തിലെ പുതിയ പാലങ്ങൾ

| ചോദ്യം<br>ശ്രീ. വി. ശിവൻകുട്ടി | | ഉത്തരം<br>ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പുമന്ത്രി) |
|---|---|---|
| (എ) നേമം നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ നിരത്തുകളും പാലങ്ങളും വിഭാഗം ഈ സാമ്പത്തികവർഷം ഏതെങ്കിലും പുതിയ പാലങ്ങൾ നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;<br><br>(ബി) എങ്കിൽ അവ ഏതൊക്കെയാണെന്നും അത് സംബന്ധിച്ചുള്ള വിശദാംശങ്ങളും ലഭ്യമാക്കുമോ ? | (എ) & (ബി) | രണ്ട് പുതിയ പാലങ്ങൾ നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. 14.08.2009 -ലെ സ.ഉ.(സാധാ) നം. 1185/2009/പൊമവ പ്രകാരം കിള്ളിയാറിനു കുറുകെ കല്ലടി മുഖം പാലം നിർമ്മാണത്തിന് 500 ലക്ഷം രൂപയുടെയും കരമനയാറിനു കുറുകെ പള്ളത്ത് കടവ് പാലം നിർമ്മാണത്തിന് 850 ലക്ഷം രൂപയുടെയും ഭരണാനുമതി നൽകിയിട്ടുണ്ട്. പാലങ്ങൾ നിർമ്മിക്കുന്നതിന് ഡിസൈൻ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സ്ഥലമെടുപ്പ് നടപടി പൂർത്തീകരിച്ച് അംഗീകൃത ഡിസൈൻ പ്രകാരം തയ്യാറാക്കുന്ന എസ്റ്റിമേറ്റിന് സാങ്കേതിക അനുമതി ലഭിച്ചശേഷം ഈ വർഷംതന്നെ പ്രവൃത്തി ടെണ്ടർ ചെയ്യുന്നതാണ്. |

Sd/-

സെക്ഷൻ ഓഫീസർ